പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 233 **28-10-2026-ൽ മറുപടിയ്ക്ക്**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകളുടെ സാമ്പത്തിക സ്വയംപര്യാപ്തത

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. റഹ്മത്തുള്ള

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. പാറക്കൽ അബ്ദുല്ല

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകളുടെ സാമ്പത്തിക സ്വയംപര്യാപ്തതയും തൊഴിലും ഉറപ്പുവരുത്തുന്നതിനായി പ്രത്യേക സ്വയംതൊഴിൽ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

മറുപടി: പട്ടികജാതി വിഭാഗത്തിലെ വനിതകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പുവരുത്തുകയും, സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും, കൂട്ടായ്മയിലൂടെ സുസ്ഥിര തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി വികസന വകുപ്പ് "**ദാക്ഷായണി സ്വയം തൊഴിൽ സഹായ പദ്ധതി**" സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ; എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

മറുപടി: പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന അഞ്ചോ അതിൽ അധികമോ വനിതകൾ സ്വയംഭരണ അംഗങ്ങളായിട്ടുള്ളതും ജില്ലാ രജിസ്ട്രാർ ഓഫീസിൽ/കുടുംബശ്രീയിൽ/തദ്ദേശ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സ്വയം സഹായ സംഘങ്ങൾക്കും, സംരംഭം ആരംഭിക്കുന്നതിന് ആഗ്രഹിക്കുന്ന വനിതകൾക്കും (വ്യക്തിഗതം) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആനുകൂല്യം പദ്ധതി പ്രകാരം ലഭ്യമാകുന്നതാണ്. സംസ്ഥാനത്ത് സ്ത്രീസംരംഭകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, തൊഴിൽ സൃഷ്ടിക്കുന്നതിനും, നവീനസാങ്കേതികവിദ്യയും പ്രാദേശിക വിഭവങ്ങളും പ്രയോജനപ്പെടുത്തി മത്സരക്ഷമമായ സംരംഭങ്ങൾ വികസിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

(സി) പ്രസ്തുത പദ്ധതിയിലൂടെ പരമാവധി എത്ര ലക്ഷം രൂപയാണ് ധനസഹായമായി നൽകാൻ ആലോചിക്കുന്നതെന്ന് വിശദമാക്കാമോ?

മറുപടി: ദാക്ഷായണി സ്വയംതൊഴിൽ സഹായ പദ്ധതി നിർവഹണത്തിനായി നടപ്പ് സാമ്പത്തിക വർഷം പട്ടികജാതി വിഭാഗങ്ങളുടെ ജനസംഖ്യാനുപാതികമായി വിവിധ ജില്ലകൾക്ക് തുക അനുവദിക്കുന്നതിന് 5,00,00,000/- (അഞ്ചു കോടി രൂപ)രൂപ വകയിരുത്തിട്ടുണ്ട്.

പുതിയ ഗ്രൂപ്പ് സംരംഭം ആരംഭിക്കുന്നതിന് അംഗീകൃത പദ്ധതി തുക ബാങ്ക് വായ്പയായി സംഘങ്ങൾ/ വ്യക്തികൾ സ്വരൂപിക്കേണ്ടതും വായ്പ തുകയുടെ 75 ശതമാനം (പരമാവധി 10,00,000/- രൂപ) പട്ടികജാതി വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കുന്നതാണ്. പുതിയ വ്യക്തിഗത സംരംഭം ആരംഭിക്കുന്നതിന് അഞ്ച് ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 75 ശതമാനം (പരമാവധി 3,75,000/- രൂപ) പട്ടികജാതി വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കുന്നതാണ്. വായ്പ തുക നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകൾ, കേരള ബാങ്ക്, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ, പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും കണ്ടെത്താവുന്നതാണ്. പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രൂപ്പ് സംരംഭം

1. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന അഞ്ചോ അതിൽ അധികമോ വനിതകൾ അംഗങ്ങളായിട്ടുള്ളതും ജില്ലാ രജിസ്ട്രാർ ഓഫീസിൽ/കുടുംബശ്രീയിൽ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സ്വയം സഹായ സംഘങ്ങൾ.

2. കുടുംബ വാർഷിക വരുമാനം ഓരോ അംഗങ്ങൾക്കും 5,00,000/- രൂപയിൽ അധികരിക്കാൻ പാടില്ല.

3. 21 മുതൽ 55 വയസ്സ് വരെ പ്രായമുള്ളവർ ആയിരിക്കണം.

4. ഒരു ഗ്രൂപ്പിൽ ഒരു കുടുംബത്തിലെ ഒന്നിലധികം അംഗങ്ങൾ ഉണ്ടാകാൻ പാടില്ല.

5. വിദ്യാഭ്യാസ യോഗ്യത-ഏഴാം ക്ലാസ് പാസ്സായിരിക്കണം.

വ്യക്തിഗതം

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിത ആയിരിക്കണം.

2. കുടുംബ വാർഷിക വരുമാനം 5,00,000/- രൂപയിൽ അധികരിക്കാൻ പാടില്ല.

3. 21 മുതൽ 55 വയസ്സ് വരെ പ്രായമുള്ളവർ ആയിരിക്കണം.

4. വിദ്യാഭ്യാസ യോഗ്യത-ഏഴാം ക്ലാസ് പാസ്സായിരിക്കണം.

പ്രൊജക്ട് അംഗീകരിക്കുന്നതിനുള്ള മുൻഗണനാ മാനദണ്ഡങ്ങൾ

1. അതിദരിദ്രർ

2. ബി.പി.എൽ കുടുംബങ്ങൾ

3. ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർ

4. അവിവാഹിതരായ അമ്മമാർ / വിധവകൾ

5. പട്ടികജാതി വികസന വകുപ്പ് / മറ്റ് വകുപ്പുകൾ / ഗവ. ഏജൻസികൾ മുഖേന നടപ്പിലാക്കിയിട്ടുള്ള വിവിധ നൈപുണ്യ വികസന പരിപാടികളിൽ പങ്കെടുത്ത് വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർ.

സെക്ഷൻ ഓഫീസർ